# സ്റ്റെതസ്കോപ്പുകൾ ഉണ്ടാക്കുന്ന രോഗങ്ങൾ

ഡോ. എ.എസ്.ആർ. ബാബു

രോഗനിർണ്ണയത്തിനും ചികിത്സക്കും ഉപയോഗിക്കുന്ന സാമഗ്രികൾ, ഔഷധങ്ങൾ തുടങ്ങി ആശുപത്രി കിടക്കകളും ആശുപത്രിയിലെ പൊടിപടലങ്ങളും വരെ പുതിയ രോഗങ്ങൾക്ക് വഴിതെളിക്കുന്ന ഘടകങ്ങളാണ്. ചികിത്സയുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളെ അയട്രോജനിക് (Iatrogenic) എന്നു വിളിക്കുന്നു. സൂചി, സിറിഞ്ച്, തുണി, പഞ്ഞി, ക്ലിനിക്കൽ തെർമോമീറ്റർ, ബി.പി. അപ്പാരറ്റസ്, എനിമക്യാൻ, വജൈനൽ സ്പെക്കുലം, സ്റ്റെതസ്കോപ്പ് മുതലായ ഒട്ടനവധി ഉപകരണങ്ങൾ വഴി മാരകമായ രോഗങ്ങൾ പടർന്നുപിടിക്കുന്നുണ്ട്. നോസോകോമിയൽ (Nosocomial Infection) രോഗാണുവ്യാപനം എന്നറിയപ്പെടുന്ന ഈ മാർഗ്ഗത്തിലൂടെ നിസ്സാരമായ വൈറൽഫീവർ മുതൽ സിഫിലിസ്, ഹെപ്പറ്റൈറ്റിസ് -ബി തുടങ്ങി എയ്ഡ്സ് വരെയുള്ള മാരകരോഗങ്ങൾ സമൂഹത്തിൽ പടരുന്നതായാണ് പഠനങ്ങൾ തെളിയിക്കുന്നത്. ആശുപത്രികൾ മൂലമുണ്ടാകുന്ന രോഗങ്ങൾ (Hospital acquired diseases) എന്ന് ഈ ഗണത്തിൽപ്പെടുന്ന രോഗങ്ങളെ എഴുതിത്തള്ളുന്നതല്ലാതെ ഇവ പ്രതിരോധിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ആധുനിക വൈദ്യശാസ്ത്രം സ്വീകരിക്കുന്നില്ല എന്നതാണ് വസ്തുത.

പ്രായേണ നിരുപദ്രവകാരിയാണെന്നു കരുതുന്ന ഒരു രോഗനിർണ്ണയോപാധിയാണ് സ്റ്റെതസ്കോപ്പ്. ഹൃദയമിടിപ്പ്, ശ്വസനത്തിന്റെ ഗതി, കുടലുകളിലെയും രക്തക്കുഴലുകളിലെയും ശബ്ദവ്യതിയാനങ്ങൾ മുതലായവ പരിശോധിച്ചറിയുവാനുള്ള ഈ ഉപകരണം തൊലിപ്പുറത്താണ് പ്രയോഗിക്കുന്നത്. ഒരു ചികിത്സകനെ ഡോക്ടറാക്കുന്നത് കഴുത്തിൽ കെട്ടിത്തൂക്കിയിരിക്കുന്ന ഈ കുഴലാണ്. നെഞ്ചിലും പുറത്തും കുഴൽ വെച്ചു നോക്കാതെ മരുന്നുകുറിക്കുന്ന ഡോക്ടറെ നിരക്ഷരായവർ പോലും ഇഷ്ടപ്പെടുന്നില്ല. കുഴലിലൂടെ സർവ്വരോഗവും കേട്ടറിയുന്നവരാണ് സമർത്ഥരായ ചികിത്സകർ എന്ന് വിദ്യാസമ്പന്നർ പോലും ധരിച്ചിരിക്കുന്നു. എന്നാൽ ഈ കുഴൽ വഴി പകരുന്ന രോഗാണുക്കൾ എണ്ണമറ്റതാണെന്ന സത്യം ഡോക്ടർമാരിൽ തന്നെ പലർക്കും അറിയില്ല. സാധാരണക്കാരുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ?

സ്റ്റെതസ്കോപ്പിലൂടെ പകരുന്ന

(ശേഷം 5-ാം പേജിൽ)